പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.54

4.6.2018 ൽ മറുപടിയ്ക്ക്

## അന്ധർക്ക് പി. എസ്. സി. നിയമനം

ചോദ്യം

മറുപടി

ശ്രീ.വി. കെ. സി. മമ്മത് കോയ

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | |
|---|---|
| (എ) ആവശ്യമായ വിദ്യാഭ്യാസ യോഗ്യത ഉണ്ടെങ്കിലും പൂർണ്ണമായും അന്ധത ബാധിച്ച ഉദ്യോഗാർത്ഥികൾക്ക് സർക്കാർ വകുപ്പുകളിലെ പി.എസ്.സി. നിയമനത്തിന് അയോഗ്യത നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ആവശ്യമായ വിദ്യാഭ്യാസ യോഗ്യത ഉള്ള അന്ധരായ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമനത്തിന് അയോഗ്യത നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തിയ വിവിധ ഉത്തരവുകളിൽ പൂർണ്ണമായും അന്ധതയുള്ള വിഭാഗത്തിന് അനുയോജ്യമായ തസ്തികകളും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) വളരെ പ്രയാസപ്പെട്ട് പഠനം നടത്തി വിദ്യാഭ്യാസയോഗ്യത നേടുന്ന ഇത്തരത്തിലുള്ള ഉദ്യോഗാർത്ഥികൾക്കായി എല്ലാ വകുപ്പുകളിലും തസ്തികകൾ സംവരണം ചെയ്യുവാൻ കഴിയുമോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നത് ആയതിനായി രൂപീകരിക്കപ്പെട്ട എക്സ്പർട്ട് കമ്മിറ്റികളാണ്. അന്ധത ബാധിച്ച ഉദ്യോഗാർത്ഥികൾക്കായി എല്ലാ വകുപ്പുകളിലും തസ്തികകൾ സംവരണം ചെയ്യുവാൻ കഴിയുമോ എന്നത്, അതിനായുള്ള അപേക്ഷകൾ/ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് എക്സ്പർട്ട് കമ്മിറ്റി പരിശോധിച്ച് സമർപ്പിക്കുന്ന റിപ്പോർട്ടിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ